
# 2009

# ബാക്കിയാവുന്നത് ആശങ്കകൾ മാത്രം

● സ്റ്റാഫ് ലേഖകൻ



## പ്രസിഡന്റായി ആദ്യത്തെ കറുത്ത വർഗക്കാരൻ

അമേരിക്കയുടെ 44-ാമത് പ്രസിഡന്റായി ബറാക് ഹുസൈൻ ഒബാമ 2009 ജനുവരിയിലാണ് സ്ഥാനമേറ്റത്. ഈ പദവിയിലെത്തുന്ന ആദ്യത്തെ ആഫ്രോ-അമേരിക്കൻ വംശജൻ. ഇറാഖ് യുദ്ധവും സാമ്പത്തിക പ്രതിസന്ധിയുമായിരുന്നു ഒബാമയുടെ മുമ്പിലെ അടിയന്തര പ്രശ്നങ്ങൾ. പല സാമ്പത്തിക-വ്യവസായ സ്ഥാപനങ്ങളെയും പണമിറക്കിയാണ് (bailout) ഒബാമ ഗവൺമെന്റ് കരകയറ്റിയത്. ഇറാഖ്-അഫ്ഗാൻ യുദ്ധങ്ങൾ ഒന്നുമാകാതെ കിടക്കുന്നു. അഫ്ഗാനിൽ കനത്ത തിരിച്ചടി നേരിടുന്നതായാണ് വാർത്ത.

ഒബാമയുടെ കയ്റോ പ്രസംഗത്തിൽ മുസ്‌ലിം ലോകവുമായി പുതിയൊരു ബന്ധത്തിന് തുടക്കം കുറിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നെങ്കിലും

പ്രായോഗിക നടപടികളൊന്നുമുണ്ടായില്ല. ഗ്വാണ്ടനാമോ തടവറ അടച്ചുപൂട്ടുമെന്ന് പറഞ്ഞതും ഫലപ്രാപ്തിയിലെത്തിയില്ല. സമാധാനത്തിന് ലഭിച്ച നോബൽ സമ്മാനം 'വാചകമടി'ക്ക് കിട്ടിയ അംഗീകാരമായി പരിഹസിക്കപ്പെടാൻ അത് ഇടയാക്കി. 'ഭീകരതാ വിരുദ്ധ യുദ്ധം' പോലുള്ള പ്രയോഗങ്ങൾ ഔദ്യോഗിക പ്രഖ്യാപനങ്ങളിൽനിന്ന് ഒഴിവാക്കിയത് നല്ല കാര്യം.

## പഴുതടച്ച ഗസ്സ ഉപരോധം



2009 ജനുവരി ആദ്യ വാരങ്ങളിൽ ഗസ്സയിൽ ഇസ്രയേൽ വിമാനങ്ങൾ തീതുപ്പുകയായിരുന്നു. ആക്രമണം അവസാനിപ്പിച്ച ശേഷം, 2006 മുതൽ ഗസ്സക്ക് മേൽ ഏർപ്പെടുത്തിയ ഉപരോധം ഇസ്രയേൽ കൂടുതൽ ശക്തമാക്കി. നിർമാണ സാമഗ്രികികൾ വരെ കൊണ്ടുവരാൻ അനുവദിച്ചില്ല. അതിനാൽ ആക്രമണത്തിൽ വീട് നഷ്ടപ്പെട്ടവർ ഇപ്പോഴും പെരുവഴിയിൽ തന്നെ. 20,000 വീടുകളാണ് തകർക്കപ്പെട്ടത്; ഒപ്പം നിരവധി പൊതു കെട്ടിടങ്ങളും. വഴിയാധാരമാക്കപ്പെട്ടവർ താൽക്കാലിക ഷെഡ്ഡുകളിലാണ് അന്തിയുറങ്ങുന്നത്.

## താലിബാൻ ശക്തിയാർജിക്കുന്നു



അഫ്ഗാനിലേക്ക് കൂടുതൽ സൈന്യത്തെ അയക്കാൻ അമേരിക്ക ഒരുങ്ങുകയാണെങ്കിലും താലിബാൻ ശക്തിയാർജിക്കുകയാണ്. 2009-ൽ 505 വിദേശസൈനികരാണ് അഫ്ഗാനിൽ കൊല്ലപ്പെട്ടത്; ഇവരിൽ 309-ഉം അമേരിക്കൻ സൈനികർ. 2001-ൽ അധിനിവേശം തുടങ്ങിയതിനു ശേഷം ഇത്രയധികം വിദേശ സൈനികർ ഒരു വർഷം കൊല്ലപ്പെടുന്നത് ഇതാദ്യം. താലിബാൻ ഏതാണ്ടെല്ലാ പ്രവിശ്യകളിലും സമാന്തര ഭരണ സംവിധാനം ഏർപ്പെടുത്തിയതായാണ് റിപ്പോർട്ട്.

## വിവ ഫലസ്ത്വീനിയ




ദുരിതക്കടൽ താണ്ടുന്ന ഗസ്സയിലെ 1.6 മില്യൻ ജനങ്ങൾ പട്ടിണി കിടന്ന് മരിച്ചോട്ടെ എന്ന വൻശക്തി രാഷ്ട്രങ്ങളുടെ ഉള്ളിലിരിപ്പിനെ തകിടം മറിച്ചത് ബ്രിട്ടീഷ് നിയമജ്ഞനായ ജോർജ് ഗല്ലോവെയുടെ നേതൃത്വത്തിലുള്ള ഒരുപറ്റം മനുഷ്യാവകാശ പ്രവർത്തകരാണ്. സയണിസ്റ്റ് രാഷ്ട്രം ഉയർത്തിയ സകല മതിൽകെട്ടുകളും മറികടന്ന് ഈ 'ഫലസ്ത്വീൻ അഭിവാദ്യ' സംഘം സഹായ ഹസ്തവുമായി കടന്നുചെന്നു. വിവിധ രാജ്യങ്ങളിലെ ജനങ്ങൾ കൈയയച്ച് നൽകിയ മരുന്നുകളും മറ്റു ജീവൻ രക്ഷാ സാമഗ്രികളുമായി ഗസ്സയിലെത്തിയ സംഘത്തിന് വൻ വരവേൽപ്പാണ് ലഭിച്ചത്.

## ഹിജാബ് രക്തസാക്ഷി



ഒരു സാദാ മുസ്‌ലിം വീട്ടമ്മ ചരിത്രത്തിൽ തന്റെ സ്ഥാനമുറപ്പിച്ചത് ഈ വിശേഷണത്തോടെയായിരുന്നു. ജർമനിയിലാണ് ഹിജാബിന്റെ ഈ ആദ്യ രക്തസാക്ഷി. റഷ്യൻ വംശജനായ ഒരു ജർമൻ വർണവെറിയൻ മർവ ശർബീനിയെന്ന ഗർഭിണിയെ കോടതി മുറിയിൽ വെച്ച് കുത്തി കൊലപ്പെടുത്തുകയായിരുന്നു. മർവക്ക് പതിനെട്ട് കുത്തുകളേറ്റു. ഹിജാബിട്ടതിന്റെ പേരിൽ തന്നെ അപമാനിച്ചതിന് കോടതിയിൽ മൊഴി നൽകാൻ എത്തിയതായിരുന്നു മർവ. യൂറോപ്പിൽ പടരുന്ന ഇസ്‌ലാമോഫോബിയയുടെ മറ്റൊരു തെളിവ്. പ്രതിയെ കോടതി ജീവപര്യന്തം തടവിന് ശിക്ഷിച്ചു.

## കോൺഗ്രസ് വീണ്ടും



2009 ഏപ്രിൽ 6 മുതൽ മെയ് 16 വ രെ നീണ്ട മാരത്തോൺ തെരഞ്ഞെടുപ്പിനൊടുവിൽ കോൺഗ്രസ് നേതൃത്വത്തിലുള്ള യു.പി.എ ഇന്ത്യയിൽ വീണ്ടും വ്യക്തമായ ഭൂരിപക്ഷത്തോടെ അധികാരത്തിൽ വന്നു. തുടർന്ന് നടന്ന സംസ്ഥാന തെരഞ്ഞെടുപ്പുകളിലും കോൺഗ്രസ്സിന് തന്നെയായിരുന്നു നേട്ടം. ബി.ജെ.പിക്ക് കനത്ത തിരിച്ചടിയേറ്റു. തുടർന്ന് സംഘ്പരിവാറിലെ ആഭ്യന്തര പ്രശ്നങ്ങളും മറനീക്കി പുറത്തുവന്നു.

## ഉയിഗൂർ മുസ്‌ലിംകൾ



ഉയിഗൂർ വംശജരായ മുസ്‌ലിംകൾക്ക് ഭൂരിപക്ഷമുള്ള ചൈനയിലെ സിൻജിയാംഗ് പ്രവിശ്യ സംഘർഷഭരിതമായത് 2009 ജൂലൈയിലാണ്. ഗവൺമെന്റിന്റെ കടുത്ത വിവേചനങ്ങൾക്കെതിരെ അവർ തെരുവിലിറങ്ങുകയായിരുന്നു. ചൈനയിലെ പ്രബലരായ ഹാൻ വംശജരാണ് ഇവരെ നേരിട്ടത്; ഭരണകൂടത്തിന്റെ പരസ്യമായ പിന്തുണയോടെ. എട്ട് മില്യൻ വരുന്ന ഉയിഗൂർ മുസ്‌ലിംകളെ കുടിയിറക്കി പകരം ഹാൻ വംശജരെ കുടിയിരുത്താനാണ് ഗവൺമെന്റ് ശ്രമിക്കുന്നതെന്ന് പ്രക്ഷോഭകർ ആരോപിച്ചു. സംഘട്ടനങ്ങളിൽ 197 പേർ മരിച്ചു.

## സാമ്പത്തിക പ്രതിസന്ധി

2008-ൽ തുടങ്ങിയ സാമ്പത്തിക പ്രതിസന്ധി 2009-ൽ അതിന്റെ പാരമ്യത്തിലെത്തി. സ്റ്റോക്ക് മാർക്കറ്റുകളും ബാങ്കുകളും തകർന്നു. വിക

സിത രാജ്യങ്ങൾ നികുതിക്കാശെടുത്താണ് പല സ്വകാര്യ സ്ഥാപനങ്ങളെയും രക്ഷിച്ചത്. മില്യൻ കണക്കിനാളുകൾ തൊഴിൽരഹിതരായി.

## രക്ഷാ മാർഗമില്ലാതെ സോമാലിയ



പണ്ഡിതനും പൊതുസ്വീകാര്യനുമായ ശരീഫ് അഹ്മദ് പ്രസിഡന്റായതോടെ സോമാലിയ ഗതിപിടിക്കുമെന്ന് കരുതിയവർക്ക് തെറ്റി. സ്വന്തം മന്ത്രിമാർ പോലും സ്ഫോടനത്തിൽ കൊല്ലപ്പെടുന്നത് കണ്ടിരിക്കാനേ അദ്ദേഹത്തിന് കഴിയുന്നുള്ളൂ. അൽഖാഇദയുമായി ബന്ധമുണ്ടെന്ന് ആരോപിക്കപ്പെടുന്ന അശ്ശിഹാബ് എന്ന മിലിറ്റന്റ് ഗ്രൂപ്പാണ് സ്ഫോടനങ്ങളും സംഘട്ടനങ്ങളും ആസൂത്രണം ചെയ്യുന്നത്. പുതിയ സംഘർഷങ്ങളിൽ മാത്രം കുടിയിറക്കപ്പെട്ടവർ ഒന്നര മില്യൻ. ലോകത്തെ ഏറ്റവും അപായകരമായ തലസ്ഥാന നഗരി ഏതെന്ന ചോദ്യത്തിന് ഒറ്റ ഉത്തരമേയുള്ളൂ- മൊഗദിഷു.

സോമാലി കടൽ കൊള്ളക്കാരെക്കൊണ്ടും 2009-ൽ ലോകം പൊറുതിമുട്ടി. നിരവധി കപ്പലുകളും ഓയിൽ ടാങ്കറുകളും അവർ റാഞ്ചി. ഒമ്പത് രാജ്യങ്ങളുടെ യുദ്ധക്കപ്പലുകൾ ആഫ്രിക്കൻ മുനമ്പിൽ റോന്ത് ചുറ്റുന്നത് പ്രശ്നത്തിന്റെ ഗൗരവം വെളിപ്പെടുത്തുന്നു.

## മിനാരത്തിന് വിലക്ക്



യൂറോപ്യൻ മനസ്സിൽ ഇസ്‌ലാമോഫോബിയ എത്ര ആഴത്തിൽ വേരോടിയിരിക്കുന്നു എന്നതിന്റെ മറ്റൊരു ദൃഷ്ടാന്തമായിരുന്നു സ്വിറ്റ്സർലന്റിൽ പള്ളി മിനാരങ്ങൾക്ക് ഏർപ്പെടുത്തിയ വിലക്ക്. സ്വിറ്റ്സർലന്റിലെ വലതുപക്ഷ കക്ഷിയായ സ്വിസ് പീപ്പ്ൾസ് പാർട്ടിയാണ് പുതുതായി ഉണ്ടാക്കുന്ന മുസ്‌ലിം പള്ളികൾക്ക് മിനാരംഅനുവദിക്കരുതെന്ന ആവശ്യം ഉന്നയിച്ചത്. ഹിതപരിശോധനയിൽ ഭൂരിപക്ഷവും ഈ ആവശ്യത്തെ പിന്തുണച്ചു. സ്വിസ് ഗവൺമെന്റും വത്തിക്കാനുമെല്ലാം പ്രമേയത്തെ എതിർക്കണമെന്ന് അഭ്യർഥിച്ചെങ്കിലും ഫലമുണ്ടായില്ല. മൗലികാവകാശങ്ങളിൽ പെടുന്ന ആരാധനാ സ്വാതന്ത്ര്യത്തിൽ കൈവെച്ചത് സ്വിറ്റ്സർലന്റിന്റെ പ്രതിഛായക്ക് വലിയ കളങ്കമുണ്ടാക്കി.

## യൂറോപ്യൻ പാർലമെന്റ് തെരഞ്ഞെടുപ്പ്

തീവ്ര വലതുപക്ഷ കക്ഷികൾ നടത്തിയ മുന്നേറ്റമാണ്, ആരാലും ശ്രദ്ധിക്കപ്പെടാതെ പോകുമായിരുന്ന 2009-ലെ യൂറോപ്യൻ പാർലമെന്റ് തെരഞ്ഞെടുപ്പിനെ ലോക ശ്രദ്ധയിൽ കൊണ്ടുവന്നത്. 26 രാജ്യങ്ങൾക്ക് അംഗത്വമുള്ള 736 അംഗ പാർലമെന്റിൽ തീവ്ര വലതുപക്ഷം 40 സീറ്റുകൾ

നേടുകുണ്ടായി. ഇസ്ലാംവിരുദ്ധ, കുടിയേറ്റ വിരുദ്ധ പ്രചാരണം നടത്തിയാണ് ഈ കക്ഷികൾ വോട്ട് നേടിയത്.

## സ്വാത്ത് ഓപ്പറേഷൻ



പാക് പ്രാദേശിക താലിബാനെതിരെ സ്വാത്ത് താഴ്വരയിലും അഫ്ഗാൻ അതിർത്തിയോട് ചേർന്ന ഗോത്രമേഖലകളിലും പാക് സൈന്യം നടത്തിയ ആക്രമണത്തെ തുടർന്ന് പ്രദേശത്തെ മില്യൻകണക്കിനാളുകൾക്കാണ് കുടിയൊഴിഞ്ഞ് പോകേണ്ടിവന്നത്. കുടിയിറക്കപ്പെട്ട ഈ ജനസമൂഹത്തെ പുനരധിവസിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. വൈദ്യ സഹായമില്ലാതെയും പോഷകാഹാരക്കുറവ് കൊണ്ടും കുഞ്ഞുങ്ങൾ മരിച്ചുകൊണ്ടിരിക്കുന്നതായി റിപ്പോർട്ട് ചെയ്യപ്പെടുന്നു.

## ഇറാൻ തെരഞ്ഞെടുപ്പ്




2009–ൽ ഏറെ വിവാദം സൃഷ്ടിച്ചത് ഇറാനിയൻ പ്രസിഡന്റ് തെരഞ്ഞെടുപ്പാണ്. തെരഞ്ഞെടുപ്പിൽ കൃത്രിമം കാണിച്ചാണ് അഹ്മദീ നിജാദ് പ്രസിഡന്റായതെന്ന് എതിർ സ്ഥാനാർഥി മീർ ഹുസൈൻ മൂസവി ആരോപിച്ചു. ഇരുപക്ഷവും ചേരിതിരിഞ്ഞ് ഏറ്റുമുട്ടി. 30 പേർ കൊല്ലപ്പെട്ടു. പ്രമുഖ പണ്ഡിതൻ മുൻതസരിയുടെ മരണാനന്തര ചടങ്ങുകളും ഭരണകൂടത്തിനെതിരെയുള്ള പ്രതിഷേധ സംഗമങ്ങളായി. ഇസ്ലാമിക വിപ്ലവത്തിന് ശേഷം ചേരിതിരിവ് ഇത്ര രൂക്ഷമായ മറ്റൊരു സന്ദർഭമില്ല.

## പന്നിപ്പനി



പന്നിപ്പനി ആദ്യം സ്ഥിരീകരിച്ചത് 2009 ഏപ്രിലിൽ മെക്സിക്കോയിൽ. പിന്നീടത് പല രാജ്യങ്ങളിലേക്കും പടർന്നു. ലോകാരോഗ്യ സംഘടനയുടെ കണക്ക് പ്രകാരം11,516 പേർ പന്നിപ്പനി ബാധിച്ച് മരിച്ചിട്ടുണ്ട്. വർഷാവസാനമായപ്പോഴേക്കും പന്നിപ്പനി നിയന്ത്രണാധീനമായി.

## ഇന്തോനേഷ്യ

ഇന്തോനേഷ്യയിലെ 170 മില്യൻ ജനങ്ങൾ രണ്ട് തവണയാണ് 2009 –ൽ പോളിംഗ് ബൂത്തിൽ കയറിയത്. പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ സുസിലോ ബംബാംഗ് യുധായോനോ വൻ ഭൂരിപക്ഷത്തോടെ വീണ്ടും തെരഞ്ഞെടുക്കപ്പെട്ടു. അദ്ദേഹത്തിന്റെ പാർട്ടിയും സഖ്യകക്ഷികളും തന്നെയാണ് പാർലമെന്റ് തെരഞ്ഞെടുപ്പിലും നേട്ടമുണ്ടാ

ക്കിയത്. ഏറക്കുറെ സംശുദ്ധ ഭരണം കാഴ്ചവെക്കാനായത് അദ്ദേഹത്തിന് തുണയായി.

## കാലാവസ്ഥാ ഉച്ചകോടി




മല എലിയെ പ്രസവിച്ചത് പോലെയായി കോപ്പൻ ഹേഗൻ കാലാവസ്ഥാ ഉച്ചകോടി. കാലാവസ്ഥാ വ്യതിയാനം തടയാനും അന്തരീക്ഷോഷ്മാവ് കൂടാതെ നോക്കാനും പ്രായോഗിക നടപടികൾ സ്വീകരിക്കാനായിരുന്നു ഉച്ചകോടി. മാസങ്ങൾക്ക് മുമ്പേ സന്നാഹങ്ങൾ തുടങ്ങി. 190 രാജ്യങ്ങളിൽ നിന്നുള്ള ഭരണകർത്താക്കളുടെയും പ്രമുഖരുടെയും സാന്നിധ്യം. ഡിസംബർ 7 മുതൽ 18 വരെ നീളുന്ന ചർച്ചകൾ. വികസിത രാഷ്ട്രങ്ങളുടെ കടുംപിടുത്തത്തിന് മുമ്പിൽ ഒന്നും തീരുമാനിക്കാനാവാതെ ഉച്ചകോടി പിരിഞ്ഞു.